പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2603** | **14/12/2015-ൽ മറുപടിക്ക്**

# വിവിധ ചികിൽസാ സമ്പ്രദായങ്ങളുടെ സംയോജനം

**ചോദ്യം**
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
" വർക്കല കഹാർ
" തേറമ്പിൽ രാമകൃഷ്ണൻ
" സണ്ണി ജോസഫ്

**മറുപടി**
ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിൽസാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിൽസാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി 12-ാം പഞ്ചവൽസര പദ്ധതി പ്രകാരം ഹോമിയോപ്പതി, ആയുർവേദ, യോഗ,നാച്ചുറോപ്പതി ചികിൽസാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചു കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രികളിൽ ആയുഷ് ഹോളിസ്റ്റിക് സെൻ്ററുകൾ ആദ്യമായി ആരംഭിച്ചു. 2013-14 ൽ എറണാകുളം, കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രികളിലും 2015-16 ൽ കൊല്ലത്തും മലപ്പുറത്തും കൂടി പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. നാഷണൽ ആയുഷ് മിഷൻ 2015-16 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 4 ആയുഷ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലും 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയുഷ് ചികിൽസാ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് രണ്ട് ബ്ലോക്കുകൾ ചേരുന്ന 21 യൂണിറ്റുകളിലൂടെ സ്കൂൾ കുട്ടികളിൽ ആയുഷ് ചികിൽസാ സമ്പ്രദായങ്ങളുടെ പ്രവർത്തിയെക്കുറിച്ച് ബോധവൽകരിക്കാനുള്ള പരിപാടിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഹോമിയോപ്പതി ചികിൽസയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിൽസാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചു കൊണ്ട് സമൂഹത്തിൽ അധികരിച്ചു വരുന്ന ക്യാൻസർ,ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, ഗർഭാശയരോഗങ്ങൾ, അന്തസ്രാവ ഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിത ശൈലീരോഗങ്ങളുടെ ചികിൽസയും പ്രതിരോധ ചികിൽസയുമാണ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന് സമന്വയ സമഗ്ര ചികിൽസാ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചും കൊണ്ടുമുള്ള ഒരു സമഗ്ര ചികിൽസാ പദ്ധതിയാണിത്.ഇതിനായി ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി ഡോക്ടർമാരുടേയും യോഗ പരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു. ആയുഷ് ചികിൽസാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ ലഭ്യമാക്കാനും പാർശ്വഫല രഹിതമായ ചികിൽസാ സമ്പ്രദാങ്ങളെക്കുറിച്ച് പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതുമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (സി) | ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ,എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ